# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298

2020 ജൂൺ 19

## വാർത്താക്കുറിപ്പ് 2

**പരീക്ഷകേന്ദ്രങ്ങൾ സംബന്ധിച്ച് ആദ്യം നൽകിയ വാർത്തയിൽ വയനാട് ജില്ലയിലെ പരീക്ഷ കേന്ദ്രം വിട്ടുപോയിരുന്നു. ദയവായി വയനാട്ടിലെ പരീക്ഷകേന്ദ്രം കൂടി വാർത്തയിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർഥിക്കുന്നു. മറ്റ് മാറ്റങ്ങളില്ല.**

## എം.ജി. നാലാം സെമസ്റ്റർ യു.ജി., പി.ജി. പരീക്ഷ ജൂൺ 23 മുതൽ: പ്രത്യേക പരീക്ഷ കേന്ദ്രങ്ങൾ

ജൂൺ 23ന് ആരംഭിക്കുന്ന മഹാത്മാഗാന്ധി സർവകലാശാല നാലാം സെമസ്റ്റർ ബിരുദ, ബിരുദാനന്തര ബിരുദ പരീക്ഷകൾക്കായി മറ്റ് ജില്ലകളിൽ പ്രത്യേക പരീക്ഷ കേന്ദ്രങ്ങളായി.

ഓൺലൈനായി രജിസ്റ്റർ ചെയ്തവർക്ക് അതത് ജില്ലകളിൽ പരീക്ഷയെഴുതാം.

തിരുവനന്തപുരം ജില്ലയിൽ അപേക്ഷിച്ചവർ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ പരീക്ഷയെഴുതണം. കൊല്ലം: ചവറ ഗവൺമെന്റ് കോളജ്, ആലപ്പുഴ: യു.ജി. പരീക്ഷ- എടത്വാ സെന്റ് അലോഷ്യസ് കോളജ്, പി.ജി. പരീക്ഷ- ചമ്പക്കുളം ഫാ. പോരുകര സി.എം.ഐ. കോളജ്, പത്തനംതിട്ട: യു.ജി.- കോഴഞ്ചേരി സെന്റ് തോമസ് കോളജ്, പി.ജി.-പത്തനംതിട്ട കാതോലിക്കേറ്റ് കോളജ്, കോട്ടയം: യു.ജി.- നാട്ടകം ഗവൺമെന്റ് കോളജ്, പി.ജി.-കോട്ടയം ബസേലിയസ് കോളജ്, ഇടുക്കി: യു.ജി.-ലബ്ബക്കട ജെ.പി.എം. കോളജ്, നെടുങ്കണ്ടം എം.ഇ.എസ്. കോളജ്, തൊടുപുഴ അൽ അസർ കോളജ്, പി.ജിയും സൈബർ ഫോറൻസികും യു.ജി. സപ്ലിമെന്ററിക്കാരും- ലബ്ബക്കട ജെ.പി.എം. കോളജ്, എറണാകുളം: യു.ജി.-കാലടി ശ്രീശങ്കര കോളജ്, പി.ജി.- ആലുവ യു.സി. കോളജ്, തൃശ്ശൂർ: തൃശ്ശൂർ ഗവൺമെന്റ് ബി.എഡ്. കോളജ്, പാലക്കാട്: പാലക്കാട് ഗവൺമെന്റ് വിക്ടോറിയ കോളജ്, മലപ്പുറം: മലപ്പുറം ഗവൺമെന്റ് കോളജ്, കോഴിക്കോട്: കോഴിക്കോട് ഗവൺമെന്റ് ആർട്സ് കോളജ്, **വയനാട്: കൽപ്പറ്റ ഗവൺമെന്റ് കോളജ്,** കണ്ണൂർ: വി.കെ. കൃഷ്ണമേനോൻ മെമ്മോറിയൽ വിമൺസ് കോളജ്, കാസർഗോഡ്: കാസർഗോഡ് ഗവൺമെന്റ് കോളജ്. ലക്ഷദ്വീപിൽ അപേക്ഷിച്ച വിദ്യാർഥികൾ കവരത്തി ഗവൺമെന്റ് ഗേൾസ് ഹയർസെക്കൻഡറി സ്കൂളിൽ പരീക്ഷയെഴുതണം.

പ്രത്യേക കാരണങ്ങളാൽ പരീക്ഷ കേന്ദ്രം മാറ്റി രജിസ്റ്റർ ചെയ്യാൻ കഴിയാത്തതായി സർവകലാശാലയെ ഔദ്യോഗികമായി അറിയിച്ച വിദ്യാർഥികൾ പഠിക്കുന്ന കോളജിലെ പ്രിൻസിപ്പൽമാരെ ബന്ധപ്പെട്ട് ഹാൾടിക്കറ്റ് ഇ-മെയിൽ മുഖേന വാങ്ങി അനുവാദം ലഭിച്ച ജില്ല കേന്ദ്രത്തിൽ പരീക്ഷയെഴുതണം.

(പി.ആർ.ഒ/39/618/2020)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ